കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 1 | സെപ്റ്റംബർ 15 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 ഓണത്തിന് പൂക്കളം ഒരുക്കുവാൻ പൂ കൃഷി എന്ന ആശയവുമായി ആലങ്ങാട് ബ്ലോക്ക്

3 കർഷക ഐ ഡി കാർഡ്: കർഷകർക്ക് സർക്കാരിന്റെ ഔദ്യോഗിക അംഗീകാരം

6 ഓണവിപണിയിൽ സമഗ്ര ഇടപെടലുമായി കൃഷിവകുപ്പ് സംസ്ഥാനത്തുടനീളം 2000 കർഷകചന്തകൾ പ്രവർത്തനം ആരംഭിച്ചു

## മില്ലറ്റ് കഫേ സംരഭകർക്കായി കൃഷി വകുപ്പ് പരിശീലന പരിപാടി സംഘടിപ്പിച്ചു

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൃഷി വകുപ്പ് ആരംഭിക്കുന്ന മില്ലറ്റ് കഫേ സംരംഭകർക്കായി ചെറുധാന്യങ്ങളുടെ പാചക പരിശീലന പരിപാടി സംഘടിപ്പിച്ചു. ദൈനംദിന ആഹാരക്രമത്തിൽ ചെറുധാന്യങ്ങളുടെ പ്രാധാന്യം വളരെ വലുതാണ്. ചെറുധാന്യങ്ങളുടെ കൃഷിയും, അവയിൽ നിന്നും ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ലഭ്യത പൊതുജനങ്ങളുടെ ഇടയിൽ ഉറപ്പു വരുത്തുന്നത് ലക്ഷ്യമിട്ടാണ് കൃഷി വകുപ്പ് മില്ലറ്റ് കഫെകൾ എന്ന ആശയവുമായി മുന്നോട്ട് പോകുന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ്സ് റിസർച്ച് (IIMR), ഹൈദരാബാദും കൃഷി വകുപ്പും സംയുക്തമായാണ് വിവിധ ചെറുധാന്യങ്ങൾ ഉപയോഗിച്ചുള്ള പാചകരീതികൾ സംരംഭകർക്ക് പരിചയപ്പെടുത്തുന്ന പരിപാടി തിരുവനന്തപുരം സമേതിയിൽ സംഘടിപ്പിച്ചത്. മില്ലറ്റ് പാചക വിദഗ്ധനും പ്രശസ്തനുമായ IIMR മില്ലറ്റ് അംബാസിഡർ ഷെഫ് വികാസ് ചൗള വിവിധ പാചക രീതികൾ പരിചയപ്പെടുത്തി. ഓരോ മില്ലറ്റ് ഉൽപ്പന്നങ്ങളും കഴിക്കുന്നത്കൊണ്ട് ഉണ്ടാകുന്ന ആരോഗ്യപരമായ ഗുണങ്ങളെ പറ്റി അദ്ദേഹം വാചാലനായി. സ്വാദിഷ്ടമായ വിഭവങ്ങൾ രുചിച്ചും, സ്വയം പാചകം ചെയ്തും പരിശീലകർ പരിപാടിയിൽ സജീവമായി പങ്കെടുത്തു. സമേതി ഡയറക്ടർ ഒ. ശശികല ഉദ്ഘാടനം നിർവ്വഹിച്ച പരിപാടിയിൽ IIMR പ്രിൻസിപ്പൽ സയന്റിസ്റ്റും ന്യൂട്രി ഹബ് ഡയറക്ടറുമായ ഡോ. ബി. ദയാകർ റാവു മുഖ്യ പ്രഭാഷണം നടത്തി. IIMR മാർക്കറ്റിങ് മാനേജർ ഇ. ശിവ പ്രദീക്, കൃഷി വകുപ്പ് അഡിഷണൽ ഡയറക്ടർ സുനിൽ എ.ജെ. മറ്റ് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.





ചീഫ് എഡിറ്റർ - എസ്.എ. നിസാം
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മന്ദ കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത്

# ഓണത്തിന് പൂക്കളം ഒരുക്കുവാൻ പൂ കൃഷി എന്ന ആശയവുമായി ആലങ്ങാട് ബ്ലോക്ക്



ഓണത്തിന് പൂക്കളം ഒരുക്കുവാൻ പൂ കൃഷി എന്ന ആശയവുമായി ആലങ്ങാട് ബ്ലോക്കിൽ വിജ്ഞാന വ്യാപനത്തിലൂടെ ചെണ്ടുമല്ലി പൂ കൃഷി വ്യാപകമാക്കിയ ആത്മയിലൂടെ തന്നെ ഓണത്തിനുള്ള 10 ദിവസം മാത്രമല്ല ഓണത്തിന് മികച്ച വില ലഭിക്കുന്നതോടൊപ്പം വർഷത്തിലുട നീളം കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതുമായ മുല്ലപ്പൂ കൃഷി ആലങ്ങാട് ബ്ലോക്കിൽ വ്യാപകമാക്കുവാൻ ഒരുങ്ങി ആത്മ.

കൃഷി അനുബന്ധ മേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കൃഷിവകുപ്പിലൂടെ വിജയകരമായി നടപ്പാക്കുന്ന പ്രധാന വിജ്ഞാന വ്യാപന പദ്ധതിയാണ് അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി എന്ന ആത്മ.

കുറ്റിമുല്ലയുടെയും ഡ്രാഗൺ ഫ്രൂട്ട്ന്റെയും കൃഷിയിട സന്ദർശന പരിപാടി നെടുമ്പാശ്ശേരി പഞ്ചായത്ത് പ്രസിഡന്റ്

എ വി സുനിൽ ന്റെ അധ്യക്ഷതയിൽ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ് ഉദ്ഘാടനം ചെയ്തു നെടുമ്പാശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ശോഭ ഭരതൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പെഴ്സൻമാരായ ജയശ്രീ ഗോപീകൃഷ്ണൻ, ടീസ മോളി, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ റാണി മത്തായി,ഹാൻസൺ മാത്യു ആലങ്ങാട് കേര സമിതി കൺവീനർ പി.കെ. നസീർ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു നെടുമ്പാശ്ശേരി കൃഷി അസിസ്റ്റന്റ് ശ്രീ വിജീഷ്. കെ ,ആലങ്ങാട് കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് ലിജിത പീറ്റർ, ഏലൂർ കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് സരിത.എം ,. കടുങ്ങല്ലൂർ കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് ഷീബ.എസ് ആത്മ അസിസ്റ്റന്റ് ടെക്നോളജി മാനേജർ അനില എന്നിവർ സംസാരിച്ചു ആത്മ ബ്ലോക്ക് ടെക്നോളജി മാനേജർ ടി എൻ നിഷിൽ സ്വാഗതവും കൃഷി അസിസ്റ്റന്റ് ലിജിത പീറ്റർ നന്ദിയും രേഖപ്പെടുത്തി

വിവിധ പുതിയ കൃഷി രീതികൾ ആലങ്ങാട് ബ്ലോക്ക് പരിധിയിൽ കർഷകർക്ക് പരിചയപ്പെടുത്തി വേണ്ട പരിശീലനങ്ങൾ നൽകി പരീക്ഷണ അടിസ്ഥാനത്തിൽ ആരംഭിച്ചു മുന്നോട്ട് കൊണ്ടു പോകുന്നതിൽ ആത്മയുടെ ഇടപെടൽ നിർണ്ണായകമാണ്. കൂട് മത്സ്യ കൃഷി, ചെണ്ടുമല്ലി പൂ കൃഷി,ചെറുധാന്യ കൃഷി,കരിമ്പ് കൃഷി, എള്ള് കൃഷി,ഡ്രോൺ ഉപയോഗം അങ്ങനെ നീളുന്ന ആത്മയുടെ സഹകരണത്തോടെ ബ്ലോക്കിൽ വിജയകരമായി നടപ്പാക്കിയ കൃഷികൾ

ഓണത്തിനുള്ള 10 ദിവസം മികച്ച വിലയും,ഉത്സവ സമയങ്ങളിലുൾപ്പടെ നല്ല മാർക്കറ്റ് അതോടൊപ്പം വർഷത്തിലുടനീളം സ്ഥിരം മാർക്കറ്റും ഉള്ള ഒരു വിപണി മുല്ലപ്പൂക്കൾക്ക് ഉള്ളതാണ് ഈ കൃഷി രീതിയിൽ പരിശീലന പരിപാടി ഒരുക്കിയത്.

ഒരു മാസം മുന്നേ കൃഷിഭവൻ തലത്തിൽ മുല്ലപ്പൂ കൃഷി ചെയുവാൻ താല്പര്യമുള്ള കർഷകരുടെ രെജിസ്ട്രേഷൻ വെച്ചപ്പോൾ അറുപതോളം കർഷകർ ബ്ലോക്ക് തലത്തിൽ രെജിസ്റ്റർ ചെയ്യുകയുണ്ടായി.രെജിസ്റ്റർ ചെയ്ത കർഷകർക്കായി രണ്ടു ദിവസമായി നെടുമ്പാശ്ശേരി പഞ്ചായത്തിലെ ആവണംകൊട്ട് ഉള്ള ഗിരിജ ശങ്കരൻ എന്ന കർഷകയുടെ കൃഷിയിടത്തിൽ ആത്മയുടെ ജില്ലാതല കൃഷിയിട സന്ദർശന, പരിശീലന പരിപാടിയുടെ ഭാഗമായി കൊണ്ടുപോയി പരിശീലനങ്ങൾ നൽകിയത്. 7 വർഷത്തോളമായി മുല്ലപ്പൂ കൃഷി രംഗത്തുള്ള ശ്രീമതി ഗിരിജ ശങ്കരൻ അവരുടെ കാർഷിക അറിവുകളും കൃഷി രീതികളും കർഷകരുമായി പങ്കുവെക്കുകയും കർഷകരുടെ സംശയങ്ങൾക്കുള്ള മറുപടി നൽകുകയും ചെയ്തു. ഇതോടൊപ്പം കുറഞ്ഞ നിരക്കിൽ കുറ്റിമുല്ല തൈകൾ ഉൾപ്പെടെ പഠിതാക്കൾ ആയി വന്ന കർഷകർക്ക് കൃഷി ആരംഭിക്കുന്നതിനു ലഭ്യമാക്കി നൽകുകയും ചെയ്തു.കൃഷി ചെയുന്ന മുഴുവൻ കർഷകരെയും കൃഷിഭവൻ മുഖേന ആലങ്ങാട് ബ്ലോക്ക് തലത്തിൽ ഒരു വാട്സാപ്പ് കൂട്ടായ്മ ഉണ്ടാക്കി തുടർ നിർദേശങ്ങൾ, പരസ്പര സഹായങ്ങൾ വിപണി ഉറപ്പാക്കൽ എന്നിവ നടപ്പിലാക്കുവാനും ഒരു കൂട്ടായ്മയിലൂടെ കൃഷിഭവൻ തലത്തിൽ കൃഷിക്കൂട്ടം ഗ്രൂപ്പ് ആയി രെജിസ്റ്റർ ചെയ്യുകയും ബ്ലോക്ക് തലത്തിൽ ആത്മ FIG ഗ്രൂപ്പ് ആയി തുടർന്ന് പോകുവാനാണ് ഉദ്ദേശിക്കുന്നത്. ബ്ലോക്ക്

തലത്തിൽ കൃഷിയിട സന്ദർശനം കൊഓർഡിനേറ്റ് ചെയ്യുന്നത് ആലുവ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക കീഴിൽ ആത്മയുടെ ബ്ലോക്ക് ടെക്നോളജി മാനേജർ ടി എൻ നിഷിൽ അസിസ്റ്റന്റ് ടെക്നോളജി മാനേജർ പി കെ അനില എന്നിവരിലൂടെയാണ്. നെടുമ്പാശ്ശേരി കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റ് വിജീഷ് കൃഷിയിട സന്ദർശനത്തിനു വേണ്ടിയുള്ള സഹായ സഹകരണങ്ങൾ നൽകുകയുണ്ടായി..

ഇതോടൊപ്പം മികച്ച വിപണിയുള്ള ഡ്രാഗൺ ഫ്രൂട്ട് കൃഷി ചെയ്യുന്ന രീതി കർഷകർക്ക് പരിചയപ്പെടുത്തുന്നതിനായി നെടുമ്പാശ്ശേരി മേക്കാട് ഉള്ള യുവ കർഷക അവാർഡ് ജേതാവ് ശ്രീ കുര്യൻ ജോസഫ് ന്റെ കൃഷിയിടവും സന്ദർശിച്ച ഡ്രാഗൺ ഫ്രൂട്ട് കൃഷി രീതികൾ മനസ്സിലാക്കുവാനും കർഷകർക്ക് പുതിയ അറിവ് ലഭ്യമാക്കുവാനും ആത്മയിലൂടെ സാധിച്ചതായി കർഷകർ അഭിപ്രായപ്പെട്ടു.രണ്ടു ദിവസമായി 60 കർഷകർക്കാണ് പരിശീലനം നൽകിയത്.

# കർഷക ഐ ഡി കാർഡ്:
# കർഷകർക്ക് സർക്കാരിന്റെ ഔദ്യോഗിക അംഗീകാരം

സംസ്ഥാന സർക്കാരിന്റെ നാലാം നൂറ് ദിന പരിപാടിയുടെ ഭാഗമായി കേരളത്തിലെ കർഷകർക്ക് ഔദ്യോഗിക തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തി കൃഷി വകുപ്പ്. കർഷകരെയും കാർഷിക മേഖലയെയും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് തിരിച്ചറിയൽ കാർഡ് നിലവിൽ വരുന്നത്. സ്വന്തമായും, പാട്ടത്തിനും കൃഷി ചെയ്യുന്ന സംസ്ഥാനത്തെ കർഷകർക്ക് കൃഷി വകുപ്പിന്റെ കതിർ ആപ്പ് മുഖേന രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി കൃഷി ഭവൻ തലത്തിലെ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് അംഗീകാരം നേടിയെടുത്താൽ കാർഡ് സ്വന്തമാക്കാവുന്നതാണ്. കർഷകർ അവർക്ക് ലഭ്യമാകുന്ന സേവനങ്ങൾക്കായി വ്യത്യസ്ത കാർഡുകൾ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ സേവനങ്ങളെ മന്ദഗതിയിലാക്കുകയും ദുർബലപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കർഷക സേവനങ്ങൾക്കായി കൃഷി വകുപ്പ് ഡിജിറ്റൽ ഐഡന്റിറ്റി ഏർപ്പെടുത്തുന്നത്. കർഷകന് സമയബന്ധിതമായി സേവനങ്ങൾ നൽകുവാനും, ലഭിക്കുന്ന സേവനങ്ങൾ കർഷകർക്ക് ഉറപ്പാക്കാനും ഇതിലൂടെ സാധിക്കുന്നു. കാർഷിക മേഖലയിലെ സേവനങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിതമാകുന്നതോടൊപ്പം ഏതൊരു കർഷകനും കൃഷി വകുപ്പ് തന്നെ നൽകുന്ന ഒരു ആധികാരിക രേഖയുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ ദ്രുതഗതിയിൽ ലഭ്യമാക്കാനും സാധിക്കും. അതോടൊപ്പം കാർഷിക സേവനങ്ങൾക്ക് നിരവധിയായ ഭൗതിക രേഖകൾ സമർപ്പിക്കേണ്ടതിന്റെ ആവശ്യകതയും ഇത് വഴി കുറയ്ക്കാനാകും. കൃഷി വകുപ്പിന്റെ പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്താക്കളെ സുതാര്യമായി കണ്ടെത്തുന്നതിനും സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കാനും കാർഡ് നിലവിൽ വരുന്നതിലൂടെ വഴിയൊരുങ്ങും. വിവിധങ്ങളായ ഉല്പാദനോപാധികൾ സബ്സിഡി നിരക്കിൽ സ്വന്തമാക്കാനും കാർഡ് കൈവശമുള്ള കർഷകർക്ക് അവസരമുണ്ടാകും. ബാങ്കുകൾക്കും മറ്റു ധനകാര്യ സ്ഥാപനങ്ങൾക്കും കാർഡ് കൈവശമുള്ള കർഷകർക്ക് വിവിധ സാമ്പത്തിക സഹായങ്ങൾ/ കാർഷിക വായ്പകൾ തുടങ്ങിയ സഹായങ്ങൾ ലഭ്യമാക്കാൻ കഴിയും. കൃഷി വകുപ്പിന്റെ വിള ഇൻഷുറൻസ് പദ്ധതി, പ്രകൃതി ക്ഷോഭ നഷ്ടപരിഹാരം തുടങ്ങിയ പദ്ധതികളിൽ അനായാസം ഗുണഭോക്താക്കളാവാൻ ഇത് കർഷകരെ സഹായിക്കും. സ്മാർട്ട് ഐ.ഡി. കാർഡ് മുഖേനെ ഇടനിലക്കാരില്ലാതെ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിനും വരും ദിവസങ്ങളിൽ വഴിയൊരുങ്ങും. ഭാവിയിൽ സർക്കാരിന്റെ സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ആധികാരിക രേഖയായും കർഷക തിരിച്ചറിയൽ കാർഡ് മാറും. അഞ്ചു വർഷ കാലാവധിയോടെയാണ് കാർഡുകൾ നല്കുന്നതെങ്കിലും, കാലാവധിക്ക് ശേഷം കാർഡ് പുതുക്കാൻ കർഷകർക്ക് കഴിയും.

കർഷക സേവനങ്ങൾ സുതാര്യവും അനായാസവും ആക്കുക, കൃത്യതയാർന്ന കാർഷിക വിവരശേഖരണം സാധ്യമാക്കുക, കർഷകർക്ക് അവരുടെ സമഗ്ര മേഖലയിലെയും കാർഷിക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി വകുപ്പ് അവതരിപിപ്പിച്ച സമ്പൂർണ്ണ ഡിജിറ്റൽ പ്ലാറ്റ്ഫോമായ കതിർ ആപ്പിന്റെ (KATHIR – Kerala Agriculture Technology Hub and Information Repository) സഹായത്തോടെയാണ് തിരിച്ചറിയൽ കാർഡ് പ്രവർത്തിക്കുക. കതിർ ആപ്പിന്റെ പ്രാരംഭ പദ്ധതിയായി കേരളത്തിലെ മുഴുവൻ കർഷകർക്കും തിരിച്ചറിയൽ കാർഡ് നല്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് കൃഷി വകുപ്പ്. കർഷക തിരിച്ചറിയൽ കാർഡ് സ്വന്തമാക്കുന്നതിനുള്ള പ്രാരംഭ നടപടി, കതിർ ആപ്പ് ഉപയോഗിച്ച് കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കുക എന്നുള്ളതാണ്.

## രജിസ്ട്രേഷൻ നടപടിക്രമം

1. സാധാരണ ഏതൊരു മൊബൈൽ ആപ്പ് എന്ന പോലെയും കതിർ ആപ്പ് ആവശ്യമായ അനുമതികൾ നൽകി പ്ലേ സ്റ്റോർ/ആപ്പ് സ്റ്റോറിൽ നിന്നും ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.
2. അതിനു ശേഷം മൊബൈൽ നമ്പർ അധിഷ്ഠിത OTP നൽകി ലോഗിൻ ചെയ്യാവുന്നതാണ്.
3. കർഷകന്റെ പേര്, മേൽവിലാസം, കൃഷിഭവൻ, വാർഡ് തുടങ്ങിയ വിവരങ്ങൾ നൽകി വ്യക്തിഗത രജിസ്ട്രേഷൻ പൂർത്തീകരിക്കാവുന്നതാണ്.

4. കർഷകന്റെ കൃഷി സ്ഥലം രജിസ്റ്റർ ചെയ്യുക എന്നതാണ് അടുത്ത നടപടി.
5. അതിനായി ആപ്പിൽ ഉറന്ന വരുന്ന സാറ്റലൈറ്റ് മാപ്പിൽ നിന്നും കൃഷിയിടം തിരഞ്ഞെടുത്ത് ആവശ്യമായ വിവരങ്ങൾ ശ്രദ്ധയോടെ കൃഷിയിടത്തിന്റെ ഫോട്ടോ സഹിതം സമർപ്പിക്കുക.
6. തുടർന്ന് കർഷകന്റെ കൃഷി സംബന്ധിച്ച വിവരങ്ങൾ ഉചിതമായ കാർഷിക മേഖല തിരഞ്ഞെടുത്ത് വളരെ കൃത്യതയോടു കൂടി നൽകണം.
7. തുടർന്ന് കതിർ ആപ്പിലെ പ്രധാന പേജിൽ കാണുന്ന കർഷക ഐ ഡി കാർഡിന് അപേക്ഷിക്കുക എന്ന ഭാഗത്ത് ക്ലിക്ക് ചെയ്ത് കർഷകൻ രജിസ്ട്രേഷൻ സമയത്ത് നൽകിയ വിവരങ്ങൾ അടങ്ങിയ പേജിലേക്ക് പ്രവേശിക്കാം.
8. ഈ പേജിലെ എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പാക്കുക. അതിനു ശേഷം കർഷകന്റെ ബാങ്ക് വിവരങ്ങൾ ബാങ്ക് പാസ് ബുക്കിന്റെ ഫോട്ടോ സഹിതം നല്കേണ്ടതാണ്.
9. തുടർന്ന് കർഷകന്റെ ഫോട്ടോയും നല്കുക. ഇവ രണ്ടും ക്യാമറ വഴി നേരിട്ടോ ഗ്യാലറിയിൽ നിന്ന് തിരഞ്ഞെടുത്തോ നൽകാവുന്നതാണ്.
10. എല്ലാ വിവരങ്ങളും പരിശോധിച്ച് സാക്ഷ്യപത്രം നല്കിയ ശേഷം 'APPLY' ചെയ്യുക. തുടർന്ന് 'Application for ID card submitted successfully' എന്ന മെസേജ് ലഭിക്കും.
11. കർഷകർക്ക് തങ്ങൾ സമർപ്പിച്ച അപേക്ഷയുടെ വിവരം ' ഐ ഡി കാർഡ് സ്റ്റാറ്റസ് പരിശോധിക്കുക എന്ന ഭാഗത്ത് ക്ലിക്ക് ചെയ്ത് മനസിലാക്കാവുന്നതാണ്.

### കൃഷി ഭവൻ തലത്തിലെ നടപടിക്രമങ്ങൾ:

1. കർഷകർ അവരവരുടെ കതിർ വ്യക്തിഗത ലോഗിൻ മുഖേന സമർപ്പിക്കുന്ന പൂർണ്ണമായ അപേക്ഷകളിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ച് ഉറപ്പുവരുത്തി കൃഷി ഓഫീസറുടെ ലോഗിനിലേക്ക് അയക്കേണ്ട ചുമതല അതാത് വാർഡുകളുടെ ചുമതലയുള്ള കൃഷി അസ്സിസ്റ്റന്റുമാരുടേതാണ്.
2. അപേക്ഷകളുടെ ആധികാരികത ഉറപ്പുവരുത്തി തിരുത്തൽ ആവശ്യമാണെങ്കിൽ തിരിച്ചയക്കാനും വിവരങ്ങൾ പൂർണ്ണമായും ശരി ആണെങ്കിൽ അപേക്ഷ അംഗീകരിക്കാനുമുള്ള സൗകര്യം കൃഷി ഓഫീസർ ലോഗിനിൽ ലഭ്യമാണ്.
3. ഇപ്രകാരം അപ്രൂവ് ചെയ്ത ഐ ഡി കാർഡുകൾ കർഷകർക്ക് അവരവരുടെ കതിർ പേജിൽ കാണുന്ന കതിർ ഐ ഡി കാർഡ് ഡൗൺലോഡ് ബട്ടണിൽ അമർത്തി ഫോണിലേക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്.
4. ആയത് പി.വി.സി. കാർഡ് മാതൃകയിലോ മറ്റോ പ്രിൻറ് ചെയ്ത കർഷകർക്ക് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

കർഷകർക്ക് ഒരു പ്രധാനപ്പെട്ട തിരിച്ചറിയൽ രേഖയായി ഭാവിയിൽ വരുന്ന എല്ലാ കാർഷിക സംബന്ധിയായ ആവശ്യങ്ങൾക്കും ഇത് ഉപയോഗിക്കാവുന്നതാണ്.

സംസ്ഥാന തല ഉദ്ഘാടനം

കർഷകർക്കുള്ള തിരിച്ചറിയൽ കാർഡിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം സെപ്റ്റംബർ 9-ന് വൈകുന്നേരം 3 മണിക്ക് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്, അങ്കമാലി സി.എസ്.എ. ഹാളിൽ നിർവഹിക്കും. അങ്കമാലി എം.എൽ.എ. റോജി എം. ജോൺ അധ്യക്ഷനാകുന്ന ചടങ്ങിൽ ജനപ്രതിനിധികൾ, കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, കർഷക പ്രതിനിധികൾ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

# ലോക വിപണി ലക്ഷ്യമാക്കി കൃഷിവകുപ്പിന്റെ പുതിയ 2 ബ്രാൻഡുകൾ: കേരളഗ്രോ ഓർഗാനിക്, കേരളഗ്രോ ഗ്രീൻ ഉത്പന്നങ്ങളുടെ ലോഞ്ചിങ് കൃഷിവകുപ്പ് മന്ത്രി നിർവഹിച്ചു

മൂല്യ വർദ്ധനവിലൂടെ കർഷകരുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികളിൽ കൃഷിവകുപ്പിന്റെ പുതിയ കാൽവയ്പ്പാണ് കേരളഗ്രോ ഓർഗാനിക്, കേരളഗ്രോ ഗ്രീൻ എന്നീ ബ്രാന്റുകൾ എന്ന് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ്. ദേശീയ/അന്തർദേശീയ വിപണികളെ ലക്ഷ്യമാക്കി പൂർണമായും ജൈവ രീതിയിലും ഉത്തമ കൃഷി രീതികൾ അവലംബിച്ചും കൃഷി ചെയ്ത ഉത്പന്നങ്ങളുടെ ലോഞ്ചിങ് കർമ്മം സെക്രട്ടേറിയറ്റ് അനക്സ് II ലയം ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു കൃഷി മന്ത്രി. കൊല്ലം ഭാഗ്യശ്രീ ഓർഗാനിക് ഫാം, പാലക്കാട് അട്ടപ്പാടിയിലെ അറ്റ്ഫാം കർഷക ഉത്പാദക കമ്പനി, തൃശ്ശൂർ അതിരപ്പള്ളി ട്രൈബൽ വില്ലേജ് കർഷക ഉത്പാദക കമ്പനി എന്നിവിടങ്ങളിൽ നിന്നുള്ള 26 ഉൽപ്പന്നങ്ങളാണ് കേരളഗ്രോ ഓർഗാനിക്, കേരളഗ്രോ ഗ്രീൻ എന്നീ ബ്രാൻഡുകളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിപണിയിൽ എത്തിയത്. കേരളത്തിൽ എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് കേരളഗ്രോ ബ്രാൻഡ് ഷോപ്പുകൾ മുഖേനയാവും ഈ ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുകയെന്ന് മന്ത്രി അറിയിച്ചു.

ഭക്ഷണസാധനങ്ങളുടെ ഉൽപാദനവുമായി ബന്ധപ്പെട്ട രാസകീടനാശിനികളുടെയും മറ്റും ഉപയോഗത്തിലൂടെ വിഷം കലരുന്നു എന്ന ആശങ്ക അകറ്റുന്നതിനും പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള കാർഷിക ഉത്പന്നങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുമാണ് കേരളഗ്രോ ബ്രാൻഡ് കൃഷിവകുപ്പ് അവതരിപ്പിച്ചിട്ടുള്ളതെന്ന് മന്ത്രി വ്യക്തമാക്കി. കേരളഗ്രോ ബ്രാൻഡിന് കീഴിൽ പുതുതായി കേരളഗ്രോ ഓർ




ഗാനിക്, കേരളഗ്രോ ഗ്രീൻ എന്നിങ്ങനെ യഥാക്രമം ജൈവ ഉത്പന്നങ്ങളും ഉത്തമ കൃഷി രീതികൾ അവലംബിച്ച് ഉത്പാദിപ്പിച്ച ഉൽപ്പന്നങ്ങളുമാണ് വിപണിയിലെത്തിക്കുന്നത്. കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ കർശന പരിശോധനയ്ക്ക് കീഴിൽ സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന വിശ്വാസയോഗ്യമായ ജൈവ ഉൽപന്നങ്ങൾ ആധികാരികതയോടുകൂടി പൊതുവിപണിയിൽ ലഭ്യമാക്കുക എന്നതാണ് ബ്രാൻഡിങ്ങിന്റെ ലക്ഷ്യം. സംസ്ഥാനത്തുടനീളമുള്ള എല്ലാ ജില്ലകളിലെയും എല്ലാ കേരളഗ്രോ സ്റ്റോറുകളിലൂടെ ഉൽപ്പന്നങ്ങൾ ലഭ്യമാകും. കമ്മീഷൻ ഏജന്റുമാരോ ഇടനിലക്കാരോ ഇല്ലാത്തതിനാൽ ഉൽപ്പാദകർക്ക് മികച്ച വില ലഭിക്കുകയും ഉപഭോക്താക്കൾക്ക് വിശ്വാസ്യതയോടെ ന്യായവിലയ്ക്ക് പൊതുവിപണികളിൽ ഗുണമേന്മയോടെ തനത് ഉൽപ്പന്നങ്ങൾ ലഭിക്കുകയും ചെയ്യും. ഇപ്പോൾ വിപണിയിലുള്ള വിശ്വാസ്യതയില്ലാത്ത ജൈവ ഉൽപ്പന്നങ്ങൾ നേടുന്ന മാർക്കറ്റ് ഷെയർ നമ്മുടെ കർഷകർക്ക് ലഭിക്കുന്നതിലൂടെ അവരുടെ വരുമാനം വർദ്ധിക്കാനും ഇത് ഇടയാക്കും.

ആരോരൂട്ട് വാൽനട്ട്, ആരോരൂട്ട് ബനാന, ആരോരൂട്ട് ബദാം, ആരോരൂട്ട് ക്യാഷ്യു, ആരോരൂട്ട് പിസ്ത എന്നീ ഉൽപ്പന്നങ്ങളാണ് ഭാഗ്യശ്രീ ഓർഗാനിക് ഫാം, കൊല്ലം ഉല്പാദിപ്പിക്കുന്നത്.

ചാമ, തിന മില്ലറ്റ്, റാഗി പുട്ടുപൊടി, റാഗി ദോശ മിക്സ്, ബജ്റ പൊടി, ബജ്റ ദോശ മിക്സ്, മണിച്ചോളം, ബജ്റ ഗ്രെയിൻ, റാഗി പൊടി, പനിവരക് മില്ലറ്റ് എന്നിവയാണ് ATFAM FPO, പാലക്കാട് ഉൽപ്പാദിപ്പിക്കുന്നത്.

ഈ 15 ഉൽപ്പന്നങ്ങളും കേരളഗ്രോ ഓർഗാനിക്കായി ബ്രാൻഡ് ചെയ്തിട്ടുണ്ട്.

കുരുമുളക് (100 gm), കുരുമുളക് പൊടി, കാപ്പിപ്പൊടി, വറുത്ത കാപ്പിക്കുരു, ഈസ്റ്റ് ഇന്ത്യൻ ആരോരൂട്ട് സ്റ്റാർച്ച്, മഞ്ഞക്കൂവ പൊടി, കുടംപുളി, കുന്തിരിക്കം മഞ്ഞൾ എന്നിവയാണ് അതിരപ്പള്ളി ട്രൈബൽ വാലി FPO, തൃശ്ശൂർ ഉൽപ്പാദിപ്പിക്കുന്നത്.

കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ കൂടുതൽ കർഷകരും കൃഷിക്കൂട്ടങ്ങളും എഫ് പി ഒ/എസ് പി സി കളും ഇത്തരത്തിൽ കാർഷിക ഉത്പന്നങ്ങളുടെ ഓർഗാനിക്/ഗ്രീൻ ബ്രാൻഡിങ്ങിനു തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തികവർഷം 100 ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബ്രാന്റുകളുടെ ലോഞ്ച് ചടങ്ങിൽ കൃഷി വകുപ്പ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള അദ്ധ്യക്ഷത വഹിച്ചു. ഉൽപാദക കമ്പനി പ്രതിനിധികൾ, കൃഷി അഡീഷണൽ ഡയറക്ടർ സുനിൽ എ.ജെ, കൃഷി ജോയിന്റ് ഡയറക്ടർ മിനി. സി. എൽ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ നിസാം. എസ്. എ, മറ്റ് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.



# ഓണവിപണിയിൽ സമഗ്ര ഇടപെടലുമായി കൃഷിവകുപ്പ് സംസ്ഥാനത്തുടനീളം 2000 കർഷകചന്തകൾ പ്രവർത്തനം ആരംഭിച്ചു

'കർഷകരിൽ നിന്നും നേരിട്ട് ഉപഭോക്താക്കളിലേക്ക്' എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ കൃഷിവകുപ്പ് നടപ്പിലാക്കുന്ന ഓണസമൃദ്ധി 2024 – കർഷക ചന്തകൾക്ക് തുടക്കമായി. കൃഷിഭവനകൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവ കേന്ദ്രികരിച്ച് 2000 കർഷക ചന്തകളാണ് ഇന്ന് മുതൽ അടുത്ത നാലു ദിവസങ്ങളായി സജ്ജീകരിച്ചിരിക്കുന്നതെന്ന് ആന്റണി രാജു എം.എൽ.എ. അധ്യക്ഷനായ ചടങ്ങിൽ കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് കൃഷി മന്ത്രി അറിയിച്ചു. ഓണം വിപണികളെ ആശ്രയിച്ച് കൃഷി ചെയ്യുന്ന കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഇടനിലക്കാരുടെ ഇടപെടൽ ഇല്ലാതെ കർഷകർക്കും ഉണഭോക്താക്കൾക്കും ഒരുപോലെ ഉണകരമാകുന്ന രീതിയിലാണ് കർഷക ചന്തകളുടെനടത്തിപ്പ്എന്ന്അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. പഴം പച്ചക്കറികൾക്ക് പൊതുവിപണിയിൽ ലഭിക്കുന്ന വിലയുടെ 10 ശതമാനം അധികം നൽകിയാണ് കൃഷിവകുപ്പ് സംഭരിക്കുന്നത്. അത്തരത്തിൽ സംഭരിക്കുന്ന നാടൻ ഉൽപ്പന്നങ്ങൾ വിപണിവിലയുടെ 30 ശതമാനം വരെവിലകുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയാണ് കൃഷിവകുപ്പ് സമഗ്ര വിപണി ഇടപെടൽ നടത്തുന്നത് മന്ത്രി കൂട്ടിച്ചേർത്തു. കൃഷിവകുപ്പ് ഇത്തരത്തിൽ നടപ്പിലാക്കുന്ന 2000 കർഷകചന്തകളിലൂടെ പൊതുജനത്തിന് ഓണക്കാലത്ത് സാധാരണ ഉണ്ടാകാറുള്ള പഴംപച്ചക്കറി ഉൽപ്പന്നങ്ങളുടെ വിലക്കയറ്റത്തിനു പരിഹാരം കാണാൻ കഴിയും.

മലയാളികളുടെ പ്രൗഢ ഗംഭീരമായ ഓണം ഇത്തവണവയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഡംബരങ്ങൾ ഒഴിവാക്കിയാണ് ആഘോഷിക്കുന്നതെങ്കിലും, ഓണസദ്യ ഒരിക്കലുംഒഴിച്ചു കൂടാനാകാത്ത ഘടകമാണ്. സദ്യവിഭവങ്ങൾ ഒരുക്കുക എന്നുള്ളതും ഒഴിച്ചു കൂടാനാകില്ല. ഈ സാഹചര്യത്തിലാണ് മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും കർഷകചന്തകൾ അനുചിതമായി നടത്താൻ വകുപ്പ് തീരുമാനിച്ചത്. വയനാട് ദുരന്തംനമുക്കെല്ലാം തീരാത്ത വേദനയാണ്. ഈ വർഷം നമ്മുടെ കാർഷിക മേഖല അഭിമുഖീകരിച്ച കാലാവസ്ഥ വ്യതിയാനം മൂലംഉണ്ടായ പ്രതിസന്ധികളും ഏറെയാണ്. ഹൈറേഞ്ച് ജില്ലകളായ ഇടുക്കിയിലും വായനാടിലുമെല്ലാം നമ്മൾ വരൾച്ച മൂലം ഉണ്ടാകുന്ന കൃഷിനാശത്തെ കുറിച്ച് ചർച്ച ചെയ്യേണ്ട അവസ്ഥ ഉണ്ടായി. ഏലം കൃഷിയും വലിയ തോതിൽ കരിഞ്ഞുണങ്ങി. അതിതീവ്ര മഴ അതെതുടർന്ന് നമ്മുടെ സംസ്ഥാനത്തിൽ അങ്ങോളം ഇങ്ങോളം നാശം വിതച്ചു. ഇത്തരത്തിൽ ഓണകൃഷിയിലും കുറവുണ്ടായതിന്റെ അടിസ്ഥാനത്തിൽ അയൽ സംസ്ഥാനത്തെ കർഷക ഉല്പാദന കമ്പനികളുമായി ചർച്ചകൾ നടത്തുകയും കേരളത്തിൽ പ്രായോഗികമായി കൃഷി ചെയ്യാൻ ബുദ്ധിമുട്ടുള്ള ഉൽപ്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് സമാഹരിച്ച് വിതരണം ചെയ്യാനും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി.



അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറിയിലെ വിഷാംശം നമ്മുടെ മുന്നിലുള്ള പ്രതിസന്ധിയാണ്.ശാശ്വതമായ പരിഹാരം വിഷരഹിതമായ പഴം പച്ചക്കറികൾ നമ്മൾ തന്നെ ഉൽപ്പാദിപ്പിക്കുക എന്നുള്ളതാണ്. നമ്മുടെ നാട്ടിൽ മണ്ണ് ഉണ്ട്, എന്നാൽ നമുക്ക് മനസും കൂടെ ഉണ്ടായാൽ പഴം പച്ചക്കറിഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നമുക്ക് കഴിയും. സാധ്യമായ എല്ലാ ഇടങ്ങളിലും കൃഷി ചെയ്യാൻ മലയാളി തയ്യാറാകണം. അതിനുള്ള സമഗ്രമായ ഒരു ബൃഹത്പദ്ധതിക്ക് വരും നാളിൽ കൃഷി വകുപ്പ് തുടക്കം കുറിക്കുമെന്ന് മന്ത്രി അറിയിച്ചു. ഓണം വർണ്ണാഭവും വിഭവ സമൃദ്ധമാക്കുന്ന വേളയിൽ വിഷരഹിതകമായ പച്ചക്കറികളാണ് നമ്മൾ വിനിയോഗിക്കുന്നത് എന്നത് നമ്മൾ ഉറപ്പ് വരുത്തണം.



കർഷകർ, കൃഷിക്കൂട്ടങ്ങൾ, സർവീസ് സംഘടനകൾ എന്നിവരും 'ഞങ്ങളും കൃഷിയുലേക്ക്' പദ്ധതിയുടെ ഭാഗമായി കൃഷിയുമായി മുന്നിട്ട് വരുന്നത് വളരെ സന്തോഷം പകരുന്ന ഒന്നാണ്. ദ്വിതീയ കാർഷിക മേഖലകളിൽ കൂടുതൽ ഊന്നൽ നൽകിയ പ്രവർത്തനങ്ങൾ ആവും കൃഷി വകുപ്പ്തുടർന്ന് നടപ്പിലാക്കുക എന്നും അദ്ദേഹം അറിയിച്ചു. കാർഷിക വികസന കർഷക ക്ഷേമവകുപ്പ്, ഹോർട്ടിക്കോർപ്, വി.എഫ്.പി.സി.കെ. എന്നിവയുടെയും കർഷകരുടെയും പൊതുജനങ്ങളുടെയും സംയുക്ത സഹകരണത്തോടെ നടപ്പിലാക്കുന്ന കർഷകചന്ത പദ്ധതിഒരു വിജയമാകട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. വേദിയിൽ മുതിർന്ന കർഷകനായ അബ്ദുൾറഹിം, കർഷക തൊഴിലാളിയായ നെൽസൺ എന്നിവരെ കൃഷിമന്ത്രി ആദരിച്ചു. തദവസരത്തിൽ ഹോർട്ടിക്കോർപ്പിന്റെ സഞ്ചരിക്കുന്ന വിൽപ്പനശാലയുടെ ഫ്ലാഗ് ഓഫ് എം എൽ എ ആന്റണി രാജു നിർവ്വഹിച്ചു. കൃഷിഡയറക്ടർഡോ. അദീല അബ്ദുള്ളസ്വാഗതം പറഞ്ഞ ചടങ്ങിൽ, കൃഷി അഡിഷണൽ ഡയറക്ടർ സുനിൽ എ ജെ പദ്ധതി വിശദീകരണവും, കൃഷിഅഡിഷണൽ ഡയറക്ടർ തോമസ് സാമുവൽ നന്ദി പ്രകാശനവും നടത്തി.

# ഓണത്തിനൊരു മുറം പച്ചക്കറി – വിളവെടുപ്പ് സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു

ഓണക്കാലത്ത് പോഷക ഉണവും സുരക്ഷിതവുമായി പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പുകളിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിയ ഓണത്തിനൊരുമുറം പച്ചക്കറിപദ്ധതിയിലൂടെസെക്രട്ടേറിയറ്റ്അങ്കണത്തിൽവിളഞ്ഞപച്ചക്കറിയുടെയുംപൂക്കളുടെയുംവിളവെടുപ്പ്ഉദ്ഘാടനംബഹു. മുഖ്യമന്ത്രിപിണറായിവിജയൻ നിർവ്വഹിച്ചു. കാത്തിരിയും, തക്കാളിയുംവിളവെടുത്തുകൊണ്ടാണുമുഖ്യമന്ത്രിഉദ്ഘാടനംനിർവ്വഹിച്ചത്. കൃഷിമന്ത്രിഅധ്യക്ഷനായചടങ്ങിൽ റവന്യൂമന്ത്രികെ. രാജൻ, ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി, കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി, ഉറമുഖ വകുപ്പ് മന്ത്രി വി. എൻ. വാസവൻ, കെ.പി. മോഹനൻഎംഎൽഎ, ജനപ്രതിനിധികൾ, കൃഷിവകുപ്പ്ഡയറക്ടർഡോ. അദീലഅബ്ദുള്ള, കൃഷിഅഡിഷണൽ ഡയറക്ടർമാരായ, സുനിൽഎജെ, തോമസ്സാമുവൽ, പ്രിൻസിപ്പൽഇൻഫർമേഷൻഓഫീസർനിസാംഎസ്. എ. മറ്റ്ഉദ്യോഗസ്ഥർതുടങ്ങിയവർപങ്കെടുത്തു.

ഈവർഷംസെക്രട്ടറിയേറ്റ് അങ്കണത്തിൽ പച്ചക്കറി കൃഷിയോടൊപ്പം പുഷ്പകൃഷിക്കും തുടക്കം കുറിച്ചിരുന്നു. പച്ചക്കറി ഇനങ്ങളായ വഴുതിന, കത്തിരി, മുളക്, തക്കാളി, വെണ്ട എന്നിവ 560 ചെടിച്ചട്ടികളിലും, ചീര പച്ച, ചുവപ്പ് - അരുൺ, വ്ലാത്താങ്കര, മത്തൻ, പടവലം, വെള്ളരി – (30 തടം), സാലഡ് വെള്ളരി, പയർ, പാവൽ എന്നിവ നിലത്ത് കൃഷി ചെയ്തിരുന്നു. കൂടാതെ മുളക്, വഴുതിന,



തക്കാളി എന്നീ ഇനങ്ങളുടെ ഗ്രാഫ്റ്റ് ചെയ്ത തൈകളുമാണ്കൃഷിചെയ്യാനായിവിനിയോഗിച്ചത്. ഉദ്ദേശം 1 ടൺവിളവാണ്സെക്രട്ടറിയറ്റിലെപച്ചക്കറികൃഷിയിൽനിന്നുംപ്രതീക്ഷിക്കുന്നത്. പച്ചക്കറിയോടൊപ്പം പൂക്കൾ ലഭിക്കുന്നതിനും, കീടരോഗ നിയന്ത്രണത്തിനുമായിഓറഞ്ച്, മഞ്ഞ ഇനത്തിൽപ്പെട്ട 1200 ഹൈബ്രിഡ് ചെണ്ടുമല്ലിതൈകളുംസെക്രട്ടറിയറ്റിൽപൂത്തുലഞ്ഞു. കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ. കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവിടങ്ങളിൽ നിന്നുമാണ് നടീൽ വസ്തുക്കളും ഉല്പാദനോപാധികളും ലഭ്യമാക്കിയത്.

ഓണനാളുകളിൽ പച്ചക്കറി സുലഭമായി ലഭിക്കുന്നതിനും വിപണിയിൽ ഉണ്ടായേക്കാവുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായിഓണത്തിനൊരുമുറം പദ്ധതിയിലൂടെ ആവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പച്ചക്കറി വികസന പദ്ധതിയിലൂടെ 2024-25 സാമ്പത്തിക വർഷത്തിൽ 6045 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ്സംസ്ഥാനത്തുടനീളംകൃഷി വകുപ്പ്നടപ്പിലാക്കുന്നത്.

പച്ചക്കറി വികസന പദ്ധതിപ്രവർത്തനങ്ങൾ :

1) 1 ലക്ഷംസങ്കരയിനംപച്ചക്കറിവിത്ത്പാക്കറ്റുകളുടെവിതരണം
2) 50 ലക്ഷംസങ്കരയിനംപച്ചക്കറി തൈകളുടെവിതരണം
3) 25 ലക്ഷംവിവിധയിനംപച്ചക്കറി വിത്തുകൾഅടങ്ങിയവിത്ത്പാക്കറ്റുകളുടെവിതരണം
4) 40 ലക്ഷംശീതകാലപച്ചക്കറി തൈകൾഉൾപ്പെടെഉള്ളപച്ചക്കറിതൈകളുടെവിതരണം
5) വിവിധമാധ്യമങ്ങൾമുഖേന 3 ലക്ഷംപച്ചക്കറിവിത്ത്പായ്ക്കറ്റുകളുടെവിതരണം
6) ദീർഘകാലവിളകളായഅഗത്തി, മുരിങ്ങ, കറിവേപ്പ്എന്നിവയുടെ 1 ലക്ഷംതൈകളുടെവിതരണം
7) 1 ലക്ഷംപോഷകത്തോട്ടങ്ങളുടെ നിർമ്മാണം.
8) 8000 യൂണിറ്റ്മൺചട്ടി/HDPE ചട്ടികളിൽ 25 എണ്ണംവിവിധഇനംപച്ചക്കറിതൈകൾനട്ടുപിടിപ്പിച്ചുവിതരണം
9) 30000 സ്ക്വയർമീറ്ററിൽമഴമറകൃഷി
10) സർക്കാർ/സർക്കാരിതര/സ്വകാര്യസ്ഥാപനങ്ങളിൽപ്രോജക്ട്അടിസ്ഥാനത്തിൽപച്ചക്കറികൃഷി
11) 203 ഹെക്ടർസ്ഥലത്ത്കൃത്യതാകൃഷി
12) 4240 ഹെക്ടർസ്ഥലത്ത്ക്ലസ്റ്റർഅടിസ്ഥാനത്തിൽപച്ചക്കറികൃഷി
13) 2496.87 ഹെക്ടർസ്ഥലത്ത്ഗ്രൂപ്പ്അടിസ്ഥാനത്തിൽഅല്ലാതെഉള്ളപച്ചക്കറികൃഷി
14) 150 ഹെക്ടർസ്ഥലത്ത്ശീതകാലപച്ചക്കറികൃഷി
15) 80 ഹെക്ടർസ്ഥലത്ത്പരമ്പരാഗത പച്ചക്കറികൃഷിപ്രോത്സാഹനം

മേൽ പറഞ്ഞ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിലൂടെ സുരക്ഷിത പച്ചക്കറികൾ നമ്മുടെ നാട്ടിൽ നിന്ന് തന്നെഉത്പാദിപ്പിക്കാനുംഅതിലൂടെപച്ചക്കറിഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതകൈവരിക്കാനുമാണ്കൃഷിവകുപ്പ്ലക്ഷ്യമിടുന്നത്.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh